"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ആലപ്പുഴ ജില്ലയിലെ കായംകുളം കുറ്റിത്തെരുവ് എച്ച്.എച്ച്.വൈ.എസ്.എം യു.പി സ്കൂളിലെ മാനേജർ, എൽ.ജി അറബിക് അധ്യാപകനായ ശ്രീ.എ.മുഹമ്മദ് അജ്മൽ എന്നിവർ ചേർന്ന് ഫയൽ ചെയ്ത റിട്ട് ഹർജി നം.5646/2025 മേലുള്ള ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.10297/2025/GEDN തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:-

1. റിട്ട് ഹർജി നം. 5646/2025 മേലുള്ള ബഹു. ഹൈക്കോടതിയുടെ 13/02/2025 തീയതിയിലെ വിധിന്യായം
2. കായംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21/04/2025 ലെ സി/140/25 നമ്പർ കത്ത്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08/05/2025 ലെ എഫ്3/4303/2025/ഡിജിഇ നമ്പർ കത്ത്
4. മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/05/2025 ലെ DEOMVK/665/2025-B1 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ കായംകുളം കുറ്റിത്തെരുവ് എച്ച്എച്ച്.വൈ.എസ്.എം യു.പി സ്കൂളിലെ മാനേജർ, എൽ.ജി അറബിക് അധ്യാപകനായ ശ്രീ എ. മുഹമ്മദ് അജ്മൽ എന്നിവർ ചേർന്ന് ഫയൽ ചെയ്ത റിട്ട് ഹർജി നം 5646/2025 മേലുള്ള പരാമർശം (1) വിധിന്യായത്തിൽ ബഹു. ഹൈക്കോടതി, ഒന്നാം എതിർ കക്ഷിയായ സർക്കാരിനോട്, വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് നാല് മാസത്തിനുള്ളിൽ, ഹർജിക്കാരനെ നേരിൽ കേട്ട്, Exts. P5 മുതൽ P13 വരെയുള്ളവയുടെ അടിസ്ഥാനത്തിൽ Ext. P14 റിവിഷൻ ഹർജി പരിഗണിക്കുവാൻ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരുടെ പ്രതിനിധിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 27.05.2025-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) <u>നേരിൽ കേട്ട വേളയിൽ ഹർജിക്കാർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>

ആലപ്പുഴ ജില്ലയിലെ കായംകുളം കുറ്റിത്തെരുവ് എച്ച് എച്ച് വൈ എസ് എം യു.പി സ്കൂൾ കായംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാരപരിധിയിലുള്ള വിദ്യാലയമാണ്. ശ്രീ മുഹമ്മദ് അജ്മൽ എ യെ ഈ സ്കൂളിൽ 03.06.2024 മുതൽ ജൂനിയർ ലാംഗ്വേജ് അറബിക്

അധ്യാപകനായി, ഒരു വിരമിക്കൽ ഒഴിവിൽ, യുപി സെക്ഷനിൽ നിയമിച്ചു. നിയമനത്തിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമന അംഗീകാരം നിരസിച്ചു ആയതു ചോദ്യം ചെയ്ത് മാനേജർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുൻപാകെ അപ്പിൽ സമർപ്പിച്ചു ആയത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ശ്രീ എ മുഹമ്മദ് അജ്മലിന്റെ ജൂനിയർ അറബിക് അധ്യാപക (യുപി സെക്ഷനായുള്ള) നിയമനാംഗീകാരം നിരസിക്കാനുള്ള കാരണം നിശ്ചിത യോഗ്യത ഇല്ല എന്നുള്ളതാണ്. ശ്രീ മുഹമ്മദ് അജ്മലിന് എം എ (അറബി), ബിഎഡ് (സോഷ്യൽ സയൻസ്), ടെറ്റ്-4 എന്നീ യോഗ്യതകൾ ഉണ്ട് ശ്രീ മുഹമ്മദ് അജ്മൽ സ്കൂൾതലത്തിലും ഹയർസെക്കൻഡറി തലത്തിലും ഡിഗ്രി തലത്തിലും അറബി ഭാഷ ഉപഭാഷയായി പഠിച്ചിട്ടുണ്ട്. ശ്രീ മുഹമ്മദ് അജ്മലിന് ജൂനിയർ ലാംഗ്വേജ് അറബിക് അധ്യാപകനായി യോഗ്യനാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് കെ ടെറ്റ് 4 സർട്ടിഫിക്കറ്റ് ലഭ്യമായത്. ശ്രീ മുഹമ്മദ് അജ്മലിന്റെ ജൂനിയർ ലാംഗ്വേജ് അറബിക് അധ്യാപകനായുള്ള നിയമന അംഗീകാരം നിരസിക്കാൻ വിദ്യാഭ്യാസ ഓഫീസർ ഉന്നയിച്ച തടസ്സവാദം ശ്രീ മുഹമ്മദ് അജ്മലിന് അറബി ഭാഷയിൽ ബാച്ചിലർ ഡിഗ്രി ഇല്ല എന്നുള്ളതാണ്. ശ്രീ മുഹമ്മദ് അജ്മലിന് അറബിഭാഷയിൽ എം.എ ഡിഗ്രി ഉണ്ട്. വിദ്യാഭ്യാസ ഓഫീസറുടെ നിലപാട് ജൂനിയർ ലാംഗ്വേജ് അറബി അധ്യാപക തസ്തികയ്ക്ക് അറബി ഭാഷയിൽ ഉള്ള ബാച്ചിലർ ഡിഗ്രി ഒരു നിർബന്ധിത യോഗ്യതയാണ് എന്നതാണ്. പ്രസ്തുത നിലപാട് നിയമപ്രകാരം നിലനിൽക്കില്ല. കെ ഇ ആർ അധ്യായം 31 ചട്ടം 3 (2)(iv) പ്രകാരം കേരളത്തിലുള്ള ഒരു യൂണിവേഴ്സിറ്റി നൽകിയതോ അംഗീകരിച്ചതോ ആയ അറബിഭാഷയിലുള്ള ഒരു ഡിഗ്രി, ജൂനിയർ ലാംഗ്വേജ് (അറബി) അധ്യാപക തസ്തികയ്ക്ക് ഉള്ള യോഗ്യതയാണ്. ബാച്ചിലർ ഡിഗ്രി തന്നെ വേണം എന്ന് ചട്ടം നിഷ്കർഷിച്ചിട്ടില്ല. പോസ്റ്റ് ഗ്രാജുവേറ്റ് ഡിഗ്രിയും ഒരു ഡിഗ്രി യോഗ്യതയാണ്. പ്രസ്തുത ചട്ടം ഇപ്രകാരമാണ്.

> അദ്ധ്യായം 31 ചട്ടം 3(2) (iv) reads :-
> A degree in Arabic conferred or recognized by the Universities in Kerala And a pass in Arabic Teacher examination conducted by the Commissioner for Government Examination Kerala.

കേരള പബ്ലിക് സർവീസ് കമ്മീഷനും എം.എ അറബിക് യോഗ്യത ജൂനിയർ ലാംഗ്വേജ് അറബിക് തസ്തികയ്ക്കുള്ള ഒരു സമാന യോഗ്യതയായാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള യോഗ്യതകളുടെ ലിസ്റ്റിൽ പോസ്റ്റ്ഗ്രാജുവേറ്റ് ഡിഗ്രിയും ഒരു ഉയർന്ന ഡിഗ്രിയാണ് . Higher qualification pre supposes lower qualification, post graduate degree is also a degree എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി 2002 കെ.എച്ച്.സി 378 ബോസ് വില്യംസ് വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള എന്ന വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കെ.ഇ.ആർ അദ്ധ്യായം 31 ചട്ടം 2 പ്രകാരം ഹൈസ്കൂൾ അദ്ധ്യാപകർക്കും ഡിഗ്രി ഒരു വിദ്യാഭ്യാസ യോഗ്യതായി നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടത്തിലെ ഒന്നാം പ്രൊവിസോ ആയി പോസ്റ്റ് ഗ്രാജുവേറ്റ് ഡിഗ്രി, ഡിഗ്രി ആയി പരിഗണിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീ എ മുഹമ്മദ് അജ്മലിന്റെ 03/06/2024 തീയതി മുതലുള്ള ജൂനിയർ ലാംഗ്വേജ് അറബിക് അധ്യാപകനായുള്ള നിയമനം അംഗീകരിക്കത്തക്കതാണ്. ആകയാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും ജില്ലാ

വിദ്യാഭ്യാസ ഓഫീസറുടെയും ഉത്തരവുകൾ അസ്ഥിരപ്പെട്ടുത്തി 03.06.2024 മുതൽ ശ്രീ മുഹമ്മദ് അജ്മലിന്റെ ജൂനിയർ ലാംഗ്വേജ് അറബി അധ്യാപകനായുള്ള നിയമനം അംഗീകരിക്കാൻ നിർദ്ദേശം നൽകണമെന്ന് അപേക്ഷിക്കുന്നു.

3) <u>നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.</u>

കുറ്റിത്തെരുവ് എച്ച്.എച്ച്.വൈ.എസ്.എം. യു.പി സ്കൂളിലെ ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (യു.പി) 31/05/2024 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചത് മൂലമുണ്ടായ ഒഴിവിൽ മാനേജർ ശ്രീ. മുഹമ്മദ് അജ്മൽ എ യെ 03/06/2024 തീയതി പ്രാബല്യത്തിൽ ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (യു.പി) തസ്തികയിൽ നിയമിച്ച് അംഗീകാരത്തിനായി കായംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചു. നിയമനാർത്ഥിക്ക് എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി (ഹിസ്റ്ററി), എം.എ (അറബി), ബി.എഡ് (സോഷ്യൽ സയൻസ്), കെ - ടെറ്റ് കാറ്റഗറി IV എന്നീ യോഗ്യതകൾ ഉണ്ട്. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം XXXI ചട്ടം 3 (2) പ്രകാരം എൽ.ജി അറബിക് അധ്യാപകരുടെ യോഗ്യതകൾ ചുവടെ ചേർക്കും പ്രകാരം നിഷ്കർച്ചിരിക്കുന്നു.

"A Degree in Arabic conferred or recognised by the Universities in Kerala; or A title of oriental learning in Arabic awarded or recognised by the Universities in Kerala; or A pass in S.S.L.C. Examinations, Kerala or its equivalent, and a pass in Arabic Munshi Examination (Higher) conducted by the Commissioner for Government Examinations, Kerala; or

(a) A pass in S.S.L.C. Examinations, Kerala or its equivalent; and

(b) A pass in Arabic Teacher's Examination conducted by the Commissioner for Government Examinations, Kerala); or Arabic Preliminary Examinations of the Kerala and Calicut Universities"

കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം XXXI ചട്ടം 2 ന്റെ പ്രോവിസോ പ്രകാരം ബന്ധപ്പെട്ട ഭാഷയിലെ ബിരുദാനന്തര ബിരുദം ഹൈസ്കൂൾ വിഭാഗം അധ്യാപക നിയമനത്തിന് ബിരുദത്തിന് ബദൽ യോഗ്യതയായി നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ പ്രൈമറി വിഭാഗം ഭാഷാധ്യാപക നിയമനത്തിന് ബിരുദാനന്തര ബിരുദം ബിരുദത്തിന് ബദൽ യോഗ്യതയായി വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. നിയമനാർത്ഥി ബിരുദം നേടിയിരിക്കുന്നത് ഹിസ്റ്ററിയിലും ബിരുദാനന്തര ബിരുദം നേടിയിരിക്കുന്നത് അറബി ഭാഷയിലുമാണ്. മേൽ സാഹചര്യത്തിൽ ശ്രീ. മുഹമ്മദ് അജ്മൽ എ യ്ക്ക് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം XXXI ചട്ടം 3 (2) അനുശാസിക്കും പ്രകാരമുള്ള യോഗ്യത ഇല്ലാത്തതിനാൽ ടിയാന്റെ 3/06/2024 തീയതി പ്രാബല്യത്തിലെ ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (യു.പി) നിയമനം കായംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ഉത്തരവ് നമ്പർ C/727620/2024 തീയതി

22/10/2024 പ്രകാരം നിരസിച്ചു. ഇതിനെതിരെ മാനേജർ മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ സമർപ്പിച്ച അപ്പീൽ ടി കാരണത്താൽ തന്നെ ഉത്തരവ് നമ്പർ : B1/793299/2024 തീയതി : 02/12/2024 പ്രകാരം നിരസിക്കുകയുണ്ടായി.

4) നേരിൽ കേട്ട വേളയിൽ ഹർജിക്കാർ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ലഭ്യമാക്കിയ റിപ്പോർട്ടുകളുടെയും, നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിഷയം പരിശോധിച്ചു. കുറ്റിത്തെരുവ് എച്ച്.എച്ച് .വൈ.എസ്.എം യു.പി സ്കൂളിലെ ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (യുപി) 31/05/2024 ൽ സേവനത്തിൽ നിന്നും വിരമിച്ചത് മൂലമുണ്ടായ ഒഴിവിൽ മാനേജർ ശ്രീ. എ മുഹമ്മദ് അജ്മലിനെ 03/06/2024 തീയതി പ്രാബല്യത്തിൽ ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (യു.പി) തസ്തികയിൽ നിയമിച്ചു. ടിയാന് എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി (ഹിസ്റ്ററി) എം.എ (അറബിക്), ബി.എഡ് (സോഷ്യൽ സയൻസ്), കെ- ടെറ്റ് കാറ്റഗറി IV എന്നീ യോഗ്യതകൾ ഉണ്ട് . കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം XXXI ചട്ടം 2 ന്റെ പ്രോവിസോ പ്രകാരം ബന്ധപ്പെട്ട ഭാഷയിലെ ബിരുദാനന്തര ബിരുദം ഹൈസ്കൂൾ വിഭാഗം അധ്യാപക നിയമനത്തിന് ബിരുദത്തിന് ബദൽ യോഗ്യതയായി നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ പ്രൈമറി വിഭാഗം ഭാഷാധ്യാപക നിയമനത്തിന് ബിരുദാനന്തര ബിരുദം ബിരുദത്തിന് ബദൽ യോഗ്യതയായി വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. നിയമനാർത്ഥി ബിരുദം നേടിയിരിക്കുന്നത് ഹിസ്റ്ററിയിലും ബിരുദാനന്തര ബിരുദം നേടിയിരിക്കുന്നത് അറബിക് ഭാഷയിലുമാണ്. മേൽ സാഹചര്യത്തിൽ ശ്രീ മുഹമ്മദ് അജ്മൽ എ യ്ക്ക് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം XXXI ചട്ടം 3 (2) അനുശാസിക്കും പ്രകാരമുള്ള യോഗ്യത ഇല്ലാത്തതിനാൽ ടിയാന്റെ 03/06/2024 തീയതി പ്രാബല്യത്തിലെ ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (യു.പി) നിയമനം വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചു. Ext P5 മുതൽ Ext P13 വരെ പരിശോധിച്ച് തീരുമാനം എടുക്കണമെന്നാണ് ബഹു.ഹൈക്കോടതി നിർദേശിച്ചിരിക്കുന്നത്. Ext P5 മുതൽ Ext P11 വരെയുള്ളവ ശ്രീ. മുഹമ്മദ് അജ്മലിന്റെ യോഗ്യത സംബന്ധിച്ചവയാണ്. Ext P12 പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള യോഗ്യതകളുടെ ലിസ്റ്റിൽ എം.എ അറബിക് യോഗ്യത ജൂനിയർ ലാംഗ്വേജ് അറബിക് തസ്തികയ്ക്കുള്ള ഒരു സമാന യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. Ext P13 പരിശോധിച്ചതിൽ നിന്നും ബിരുദാനന്തര ബിരുദം ഒരു ബിരുദമായതിനാൽ ഉന്നത യോഗ്യത നേടിയിട്ടുള്ള പക്ഷം താഴ്ന്ന യോഗ്യത നേടിയിട്ടുള്ളതായി കണക്കാക്കാവുന്നതാണ് എന്ന് കാണുന്നു.

5) മേൽ സാഹചര്യത്തിൽ നിയമനാർത്ഥിക്ക് എം.എ (അറബി) യോഗ്യതയുള്ളതിനാൽ കെ.ഇ.ആർ അധ്യായം XXXI ചട്ടം 3A യുടെ ആനുകൂല്യം നൽകി ഉയർന്ന യോഗ്യത അയോഗ്യതയായി കാണേണ്ടതില്ലാത്തതിനാൽ ശ്രീ. എ. മുഹമ്മദ് അജ്മലിന്റെ ജൂനിയർ ലാംഗ്വേജ് അറബി അധ്യാപക നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ 03/06/2024 മുതൽ അംഗീകരിക്കുന്നതിന് കായംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ടും, അപ്രകാരം Ext. P14 റിവിഷൻ ഹർജി തീർപ്പാക്കി കൊണ്ടും, പരാമർശം (1) വിധിന്യായം പാലിച്ചു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, ആലപ്പുഴ.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മാവേലിക്കര
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കായംകുളം.
മാനേജർ, എച്ച്.എച്ച്.വൈ.എസ്.എം യു.പി സ്കൂൾ, കുറ്റിത്തെരുവ്, കായംകുളം, ആലപ്പുഴ-690 537
ശ്രീ. എ.മുഹമ്മദ് അജ്മൽ, എൽ.ജി.അറബിക് യു.പി. വിഭാഗം, എച്ച്.എച്ച്.വൈ.എസ്.എം യു.പി സ്കൂൾ, കുറ്റിത്തെരുവ്, കായംകുളം, ആലപ്പുഴ - 690 537
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 16-12-2025 17:16:53
സെക്ഷൻ ഓഫീസർ